**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5399** **21-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് കിഫ്ബി മുഖേന എത്ര തുകയാണ് അനുവദിച്ചതെന്നും അത് ഏത് വർഷമാണെന്നും അറിയിക്കുമോ; | (എ) | **2017-ൽ ഭരണാനുമതി നൽകിയ ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന് കിഫ്ബിയിൽ നിന്നും 8.62 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.** |
| (ബി) | എന്തൊക്കെ നിർമ്മാണങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതെന്നും നിർമ്മാണങ്ങളുടെ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും കാലാവധി എന്നുവരെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | **പ്രസ്തുത പദ്ധതിയിൽ നാചുറൽ ഫുട്ബോൾ ഗ്രൗണ്ട്, 8 ലൈൻ 400 മീ. സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ലാൻറ് ഡെവലപ്മെന്റ്, ചെയിൻ ലിങ്ക് ഫെൻസിംഗ്, കിണർ നിർമ്മാണം ഇതിനോടനുബന്ധിച്ച വാട്ടർ സപ്ലൈ, സാനിറ്ററി, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിലവിൽ ഈ പദ്ധതിയുടെ സിന്തറ്റിക് ട്രാക്ക് ഒഴികെയുള്ള ഭാഗങ്ങൾ ടെണ്ടർ ചെയ്തിട്ടുള്ളതായി എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഡോക്യുമെന്റുകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സാങ്കേതികാനുമതി പ്രകാരം ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു വർഷത്തെ കാലാവധിയാണ് അനുവദിച്ചിട്ടുള്ളത്.** |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | **മുനിസിപ്പാലിറ്റിയുമായി കരാർ വയ്ക്കാൻ താമസിച്ചതും, സ്ഥലവുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഉള്ളതിനാലുമാണ് പ്രവൃത്തി പൂർത്തീകരണം വൈകുന്നതെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്.** |
| (ഡി) | ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | **ഈ പദ്ധതിക്ക് 18.06.2018ൽ തന്നെ സാങ്കേതികാനുമതി നൽകിയിരുന്നുവെങ്കിലും ഇത് നടപ്പിലാക്കാൻ കിറ്റ്കോയുടെ ഭാഗത്ത് നിന്ന് കാലതാമസം നേരിടുകയുണ്ടായി. തുടർന്ന് 2022 ജനുവരിയിൽ കിറ്റ്കോ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ടെൻണ്ടർ ചെയ്യുകയും ടെണ്ടർ** |

| | | | |
|---|---|---|---|
| | | | **അംഗീകാരത്തിനായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.** |

സെക്ഷൻ ഓഫീസർ